## അധ്യായം 95
## അത്തീൻ
അവതരണം മക്കയിൽ, വചനങ്ങൾ 8

**അധ്യായ പരിചയം:**

അത്തി മരത്തിൻെറ നാമത്തിൽ അറിയപ്പെടുന്ന ഈ അധ്യായം മക്കയിലാണ് അവതരിച്ചത്. പ്രസ്തുത മരത്തെ പരിചയപ്പെടുത്തുകയല്ല, ഗൗരവമേറിയ ചില കാര്യങ്ങൾ മനുഷ്യരെ പഠിപ്പിക്കാനാണ് അല്ലാഹു ഇതിലൂടെ ശ്രമിക്കുന്നത്.

ഈ അധ്യായം മദീനയിൽ അവതരിച്ചതാണെന്നും ചില ഖുർആൻ പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. എന്നാൽ മക്കയിൽ അവതരിച്ചതാണെന്ന അഭിപ്രായത്തിനാണ് മുൻഗണന. കാരണം മൂന്നാമത്തെ വചനമായ “നിർഭയമായ ഈ നാടിനെക്കൊണ്ട് സത്യം” എന്നതിലെ നാട് മക്കയാണെന്നതാണ് കാരണം.

മനുഷ്യനെ സുന്ദരമായ ഘടനയിൽ സൃഷ്ടിച്ച ഏകദൈവം മനുഷ്യർക്ക് സുപരിചിതമായ വിവിധ സ്ഥലങ്ങളെ പിടിച്ചാണയിട്ടു പറയുന്നു, മനുഷ്യൻ തൻെറ ഉത്തരവാദിത്തം നിർവഹിക്കാത്തതു കാരണം അവൻ ഏറെ നിന്ദ്യനായിരിക്കുന്നു. അതിനാൽ തന്നെ അവൻ പരാജിതനും അപമാനിതനുമായിരിക്കുന്നു. ദൈവിക കല്പനകൾക്കൊത്ത് വിശ്വാസിക്കുകയും പുണ്യം ചെയ്യുകയും ചെയ്തവർ ഇതിൽ നിന്നൊഴിവാകുന്നു.

ഈ വീക്ഷണത്തിൽ മനുഷ്യർ രണ്ട് വിഭാഗമാകുന്നു. ഒന്ന്, ഏകദൈവത്തെ അംഗീകരിക്കുകയും അവൻെറ നിർദ്ദേശങ്ങൾക്കൊത്ത് ജീവിക്കുകയും ചെയ്തവർ. അവർക്ക് പരലോകജീവിതത്തിൽ സ്വർഗീയാരാമങ്ങളുണ്ട്. രണ്ട്, ഏകദൈവത്തെ ധിക്കരിക്കുകയും മറ്റുള്ളവരുടെ കല്പന അംഗീകരിച്ച് ജീവിക്കുകയും ചെയ്ത സാക്ഷാൽ ദൈവനിഷേധികൾ. അത്തരക്കാരാണ് അപമാനിതർ. നരകം അവർക്കു വേണ്ടി ഒരുക്കപ്പെട്ടതാണ്.

ഈ രണ്ട് വിഭാഗത്തിൻെറയും പരിണതികൾക്ക് നിമിത്തം അവനവൻ കൈക്കൊണ്ട ജീവിതനയങ്ങളാണ്. അവയെ നിരൂപണവിധേയമാക്കുകയും രക്ഷാശിക്ഷകൾ നല്കുകയും ചെയ്യുകയത്രെ ദൈവിക ീതി.

പരലോകത്തെ രക്ഷയും ശിക്ഷയും തികഞ്ഞ ദൈവിക നീതിയുടെ വെളിച്ചത്തിലായിരിക്കും. അവനാകട്ടെ തികഞ്ഞ നീതിമാനും യുക്തിമാനുമാണെന്ന് സൃഷ്ടികൾ അംഗീകരിക്കുകയും ചെയ്യുന്നു. എന്നിട്ടും പരലോകത്തെ പ്രതിഫലത്തിൻെറ കാര്യത്തിൽ നമുക്കിടയിൽ വല്ല തർക്കവും അവശേഷിക്കുന്നുണ്ടെങ്കിൽ വിധികർത്താവായി അല്ലാഹു തന്നെ ധാരാളം മതിയാകുന്നതാണ് എന്ന പാഠവും അത് നല്കുന്നു.

**അർഥം:**

| | | |
|---|---|---|
| വത്തീനി | *അത്തിയാണ് സത്യം* | وَالتِّينِ |
| വസ്സൈത്തൂൻ | *ഒലിവുമാണ് സത്യം.* | وَالزَّيْتُونِ |
| വത്വൂരി സീനീൻ | സീനായിലെ ത്വൂർ പർവതമാണ് സത്യം. | وَطُورِ سِينِينَ |
| വഹാദൽ ബലദി | *ഈ നഗരമാണ് സത്യം* | وَهَٰذَا الْبَلَدِ |
| അൽ അമീൻ | *നിർഭയമായ* | الْأَمِينِ |

| | | |
|---|---|---|
| ലഖദ് ഖലഖ്നാ | *തീർച്ചയായും നാം സൃഷ്ടിച്ചിരിക്കുന്നു* | لَقَدْ خَلَقْنَا |
| അൽ ഇൻസാന | *മനുഷ്യരെ* | الْإِنسَانَ |
| ഫീ അഹ്സനി | *ഏറ്റവും നല്ല* | فِي أَحْسَنِ |
| തഖ്വീം | *ഘടനയിൽ* | تَقْوِيمٍ |
| ഥുമ്മ | *പിന്നീട്* | ثُمَّ |
| റദദ്നാഹു | *നാം അവനെ മടക്കിക്കളഞ്ഞു* | رَدَدْنَاهُ |
| അസ്ഫല സാഫിലീൻ | *പതിതരിൽ പതിതനായിട്ട്* | أَسْفَلَ سَافِلِينَ |
| ഇല്ലല്ലദീന ആമനൂ | *വിശ്വസിച്ചവരൊഴികെ* | إِلَّا الَّذِينَ آمَنُوا |
| വഅമിലുസ്സ്വാലിഹാതി | *സദ്കർമങ്ങൾ ചെയ്തവരും* | وَعَمِلُوا الصَّالِحَاتِ |
| ഫലഹും | *അതിനാൽ അവർക്കുണ്ട്* | فَلَهُمْ |
| അജ്റുൻ | *പ്രതിഫലം* | أَجْرٌ |
| ഗൗയ്റു മംനൂൻ | *അറ്റുപോകാത്ത* | غَيْرُ مَمْنُونٍ |
| ഫമാ യുകദ്ദിബുക | *എന്നാൽ നിന്നെ കളവാക്കാൻ ആർക്കാണ് കഴിയുക* | فَمَا يُكَذِّبُكَ |
| ബഅ്ദു ബിദ്ദീൻ | *ഇതിനു ശേഷം രക്ഷാശിക്ഷകളുടെ കാര്യത്തിൽ* | بَعْدُ بِالدِّينِ |
| അലൈസല്ലാഹു | *അല്ലാഹു അല്ലയോ* | أَلَيْسَ اللهُ |
| ബിഅഹ്കമിൽ | *വിധികർത്താക്കളിൽ* | بِأَحْكَمِ |
| ഹാകിമീൻ | *ഉന്നതനായ വിധികർത്താവായിട്ട്* | الْحَاكِمِينَ |

വചന വിശകലനം

وَٱلتِّينِ وَٱلزَّيۡتُونِ ۝١ വത്തീനി വസ്സൈതൂൻ

അത്തിയാണ് സത്യം, ഒലിവാണ് സത്യം.

ഈ വചനത്തിൻെറ വ്യാഖ്യാനത്തിൽ ധാരാളം ഭിന്നതകൾ കാണുന്നുണ്ട്. ചിലർ മനുഷ്യർ അത്തിയും ഒലിവുമാണ് അഭിപ്രായമെന്ന് വിവക്ഷിക്കുന്നു. ചിലരാകട്ടെ,

അവ കൊണ്ട് ചില സ്ഥലങ്ങളെയാണ് ഉദ്ദേശിക്കുന്നതെന്ന് അഭിപ്രായപ്പെടുന്നു. അതല്ല, തീൻ കൊണ്ടുദ്ദേശിക്കുന്നത് ദമസ്കസ് ആണെന്നും സൈത്തൂൻ കൊണ്ടുദ്ദേശ്യം ഫലസ്തീനാണെന്നും ഖതാദ, കഅ്ബുൽ അഹ്ബാർ, സൈദ് തുടങ്ങിയവർ അഭിപ്രായപ്പെടുന്നു. അതേയവസരം, മഹാനായ പ്രവാചകൻ നോഹയുടെ പേടകം അടിഞ്ഞ പർവതമാണ് അത്തീൻ എന്ന് ചിലർ വ്യാഖ്യാനിച്ചിട്ടുണ്ട്.

ഇവിടെ സൂചന നല്കുന്നത് ചില സ്ഥലങ്ങളെയാണ് എന്നത്രെ പ്രസിദ്ധമായിട്ടുള്ളത്. അതനുസരിച്ച് അറബികൾക്ക് സുപരിചിതവും അവരുടെ വാണിജ്യങ്ങളിൽ മുഖ്യയിനവുമായിരുന്ന അത്തിയും ഒലിവും വിളയുന്ന സിറിയ-ഫലസ്തീൻ നാടുകളാണ് ഉദ്ദേശ്യം. അറബികൾക്ക് പ്രസ്തുത രണ്ട് നാണ്യവിളകളും തങ്ങളുടെ ജീവിതത്തിൽ എത്രമാത്രം സ്വാധീനമുള്ളതായിരുന്നുവോ അത്രമാത്രം പ്രാധാന്യമുള്ളതായിരുന്നു അവർക്ക് പ്രസ്തുത നാടുകളും.

---

وَطُورِ سِينِينَ ﴿٢﴾ വത്വൂരി സീനീൻ

സൈനാഇലെ ത്വൂർ പർവതമാണ് സത്യം.

---

സീനാ ഉപദ്വീപിൻെറ നാമം തന്നെയാണ് സീനീൻ. പ്രസ്തുത മരുഭൂമിയിലെ ഒരു പർവതമാണ് ത്വൂർ. ഈജിപ്തിലെ ഫറവോൻെറ പിടിയിൽനിന്ന് രക്ഷപ്പെട്ട ഇസ്രാഈല്യർ ഈ മരുഭൂമിയിലാണ് കഴിച്ചുകൂട്ടിയിരുന്നത്. അവിടെ അവർക്ക് തണൽ ലഭിക്കുവാൻ അല്ലാഹു മഴമേഘങ്ങളെക്കൊണ്ട് തണൽ ഇട്ടുകൊടുക്കുകയും ഭക്ഷണമായി മന്നയും സൽവയും നല്കുകയും ചെയ്തിരുന്നു. ഇതേ പർവതത്തിൽ വെച്ചാണ് അല്ലാഹു പ്രവാചകൻ മോസസിന് ശരീഅത്ത് നിയമങ്ങൾ അടങ്ങിയ ഫലകങ്ങൾ നല്കിയത്.

ഇത് ഖുർആൻെറ ശൈലിയാണ്. മനുഷ്യരെ പ്രധാനപ്പെട്ട ഒരു പാഠം പഠിപ്പിക്കാൻ അവർക്ക് സുപരിചിതമായ എന്തെങ്കിലും കാര്യങ്ങളെ പിടിച്ചാണയിട്ട ശേഷം അവരുടെ ജീവിതത്തിൽ ആ വസ്തുവിന് എത്രമാത്രം പ്രാധാന്യമുണ്ടോ അതിനെക്കാൾ പ്രാധാന്യമുള്ള ആ കാര്യത്തെ അവൻെറ ബുദ്ധിക്കു മുമ്പിൽ സമർപ്പിക്കുകയാണ് ഖുർആൻെറ ശൈലി. അതനുസരിച്ചാണ് ഇവിടെ അത്തീൻ, സൈത്തൂൻ എന്നിവയെ അതിപ്രധാനപ്പെട്ട ഒരു സംഗതിയെ സൂചിപ്പിക്കാൻ ഉപയോഗിച്ചിട്ടുള്ളത്.

---

وَهَٰذَا ٱلْبَلَدِ ٱلْأَمِينِ ﴿٣﴾ വഹാദൽ ബലദിൽ അമീൻ

നിർഭയമായ ഈ നാടാണ് സത്യം.

---

ഈ നാട് കൊണ്ട് ഉദ്ദേശ്യം മക്കയാണ്. അവിടെ വെച്ച് അക്രമം നിരോധിക്കപ്പെട്ടിരിക്കുന്നുവെന്നതാണ് കാരണം. അറബികൾ ഗോത്രവൈരം മൂത്ത് പരസ്പരം അക്രമിച്ചിരുന്ന കാലത്തും ഈ വിശുദ്ധി അവർ കാത്തുസൂക്ഷിച്ചിരുന്നു. ഈ ആദരണീയത നിലനില്ക്കുന്നതിനാലാണ് "ഹറാം" എന്ന പേരിൽ ആ പ്രദേശം അറിയപ്പെടാൻ കാരണം. മസ്ജിദുൽ ഉദാഹരണം.

---

لَقَدْ خَلَقْنَا ٱلْإِنسَٰنَ فِىٓ أَحْسَنِ تَقْوِيمٍ ﴿٤﴾

ലഖദ് ഖലക്നൽ ഇൻസാന ഫീ അഹ്സനി തഖ്വീം

തീർച്ചയായും നാം മനുഷ്യനെ ഏറ്റവും നല്ല ഘടനയിൽ സൃഷ്ടിച്ചിരിക്കുന്നു.

---

മുകളിൽ സൂചിപ്പിച്ച വസ്തുക്കളെക്കൊണ്ട് സത്യം ചെയ്തു പറയുന്ന സംഗതി രണ്ടാണ്. അതിൽ പ്രഥമ വസ്തുതയാണ് ഈ വചനം. മറ്റു സൃഷ്ടികളിൽനിന്ന് ഏറെ വിശിഷ്ടമായ ഘടനയിലും രൂപത്തിലുമാണ് ഏകദൈവം മനുഷ്യനെ സൃഷ്ടി

ച്ചിട്ടുള്ളത്. ആകർഷകമായ ശരീരം, മറ്റൊന്നിനുമില്ലാത്ത ബുദ്ധിശക്തി, ചിന്താശക്തി, വിവേചനാധികാരം, വൈജ്ഞാനിക കഴിവ്, കണ്ടുപിടിക്കാനുള്ള ഗവേഷണശേഷി, നാഗരികത പടുത്തുയർത്താനുള്ള കഴിവ്, താൻ ഉദ്ദേശിച്ചതെന്തും ചെയ്യാനുള്ള ശേഷി തുടങ്ങി പ്രപഞ്ചത്തിൽ മറ്റൊന്നിനുമില്ലാത്ത കഴിവുകളാണ് ദൈവം മനുഷ്യന് നല്കിയിട്ടുത്. ഉപരി, ദൈവം അവനെ മറ്റു സൃഷ്ടികളിൽനിന്ന് വ്യത്യസ്തമായി ആദരിക്കുകയും ചെയ്തിരിക്കുന്നു. മേത്തരം വാഹനങ്ങൾ അവന് നല്കിയിരിക്കുന്നു, നല്ലയിനം ഭക്ഷണം അവന് നല്കിയിരിക്കുന്നു. പ്രപഞ്ചത്തിലുള്ളതെല്ലാം അവന് വിധേയമാക്കിക്കൊടുത്തിരിക്കുന്നു.

ഇവിടെ മറ്റൊരു കാര്യം കൂടി സ്മരിക്കേണ്ടത് ആവശ്യമാണ്. ഇവിടെ സൂചിപ്പിച്ച ആദരണീയതയും അവന് നല്കിയ മറ്റു ഉന്നതിയുമൊക്കെ ദൈവം മനുഷ്യന് നിശ്ചയിച്ച ജീവിതത്തിൻെറ ഉത്തരവാദിത്തവുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. അക്കാര്യം അവർ പാലിക്കുമ്പോഴാണ് അവരിൽ പ്രസ്തുത ഔന്നത്യം നിലനില്ക്കുകയുള്ളൂ. അതിൽനിന്നവർ എപ്പോൾ വ്യതിചലിക്കുന്നുവോ ആ നിമിഷം അവരെ അവൻ പതിതരിൽ പതിതരാക്കുന്നു. അതിന് ചരിത്രം സാക്ഷിയുമാകുന്നു. അക്കാര്യം മനുഷ്യരെ ഓർമപ്പെടുത്താനാണ് ചരിത്രത്തിൽ പല ഘട്ടങ്ങളിലായി വിവിധ നാടുകളിൽ പ്രവാചകന്മാർ ആഗതരായത്.

ചുരുക്കത്തിൽ മനുഷ്യൻെറ ആദരണീയതക്കും ശ്രേഷ്ഠതക്കും കാരണം ദൈവം അവനെ ഏല്പിച്ച ഉത്തരവാദിത്തങ്ങളുടെ പൂർണമായ പാലനമാണ്. അത് ഓർമപ്പെടുത്താനാണ് ദൈവം പ്രവാചകന്മാരെ അയച്ചിട്ടുള്ളത്.

---

ثُمَّ رَدَدْنَـٰهُ أَسْفَلَ سَـٰفِلِينَ ﴿٥﴾ ഥുമ്മ റദദ്നാഹു അസ്ഫല സാഫിലീൻ

*പിന്നെ നാം അവനെ നീചരിൽ നീചനാക്കി.*

---

ഇതത്രെ ഖുർആൻ സൂചിപ്പിക്കുന്ന രണ്ടാമത്തെ കാര്യം. ചിലർ ഈ വചനത്തിന് മനുഷ്യനെ അവൻെറ യുവത്വത്തിനു ശേഷം ഒന്നിനും സാധിക്കാത്ത വാർധക്യത്തിലേക്ക് നീക്കി എന്ന് വ്യാഖ്യാനം നല്കിയിട്ടുണ്ട്. പക്ഷേ, ശേഷം വരുന്ന വചനങ്ങളുടെ ആശയങ്ങൾക്ക് അത് നിരക്കുന്നതല്ല. എന്നാൽ ഏകദൈവം മനുഷ്യന് വിശേഷബുദ്ധി, വിജ്ഞാനം മുതലായ ഉന്നത ഗുണങ്ങൾ നല്കിയിട്ടും ഉപരി അവനെ വിജയത്തിന് നിദാനമായ സന്മാർഗികസംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടും അതൊന്നും ഗൗനിക്കാതെ ജീവിക്കാനാണ് അവൻെറ ഭാവമെ ങ്കിൽ അവതവൻെറ നാശത്തിന് തന്നെ നിമിത്തമായി മാറും.

ഉന്നതനും വിജയിയും ആകാനുള്ള സംവിധാനങ്ങൾ ഏകദൈവം ധാരാളം ചെയ്തുവെച്ചിട്ടുണ്ടെന്ന് സൂചിപ്പിച്ചു. മനുഷ്യജീവിതത്തെ സംസ്കരിക്കുകയാണ് പ്രഥമമായി അത് ചെയ്യുന്നത്. ഈ സംസ്കരണപ്രവർത്തനം മനുഷ്യൻ തൻെറ ജീവിതത്തിൽനിന്ന് ബഹിഷ്കരിക്കുകയും പകരം ഭൗതികാസക്തിയിൽ അധിഷ്ഠിതമായ ജീവിതരീതി സ്വീകരിക്കുകയും ചെയ്തതായി നാം കാണുന്നു. ഇതാണ് മനുഷ്യരുടെ സാംസ്കാരികമായ പതനം. ഈ പതനം അവൻെറ സ്വൈരജീവിതത്തിന് പോലും ഭീഷണിയായി മാറിയിട്ടുണ്ട്. അത് വ്യക്തി തലത്തിലും സമൂഹതലത്തിലും തുല്യമാണ്.

ഇത് ഒരു വശത്ത്. മറുവശത്ത് ദൈവികതയെന്ന പേരിൽ മനുഷ്യനിർമിതങ്ങളായ ആശയങ്ങളുടെ പിറകെ നടക്കുകയും അവയുടെ ആചാരങ്ങൾ മറ്റുള്ളവരിൽ അടിച്ചേല്പിക്കുകയും അതിൻെറ പേരിൽ മനുഷ്യരെ ആക്രമിക്കുകയും ചെയ്യുന്ന കിരാതരീതിയും ഇന്ന് കാണപ്പെടുന്നു. ഇതും മനുഷ്യൻെറ പതനമാണ് കാണിക്കുന്നത്.

ഏകദൈവത്വത്തിൽ അധിഷ്ഠിതമായ വിശ്വാസത്തിലും അവന് മാത്രമുള്ള കർമങ്ങളിലും ജീവിക്കുകയെന്നതാണ് മനുഷ്യൻെറ ഔന്നിത്യത്തിനാധാരം. ഈ നിലവാരത്തിലേക്ക് മനുഷ്യരെ കൈപിടിച്ചാനയിക്കാനാണ് പ്രവാചകന്മാർ ആഗതരായത്. അവരെ അനുധാവനം ചെയ്യൽ ബുദ്ധിയുടെ ലക്ഷണമാണ്. ഇത് രണ്ടും മുഖേന

ജീവിതത്തിന് ലഭിക്കുന്നത് പരലോകത്ത് നിത്യസമാധാനമാകുന്നു. ഈ വസ്തുത യാണ് ഖുർആൻ ഈ നാലും അഞ്ചും വചനങ്ങളിലൂടെ സൂചിപ്പിക്കുന്നത്.

---

إِلَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ فَلَهُمْ أَجْرٌ غَيْرُ مَمْنُونٍ(٦)

ഇല്ലല്ലദീന ആമനൂ വഅമിലൂസ്സാലിഹാത്തി ഫലഹും അജ്റുൻ ഗയ്റു മംനൂൻ
വിശ്വസിക്കുകയും സദ്കർമങ്ങൾ ചെയ്തവരുമൊഴിച്ച്. അവർക്ക് അക്ഷയമായ കർമഫല മുണ്ട്.

---

ഇതിൻെറ വിവക്ഷ അല്ലാഹുവിനാണ് നന്നായി അറിയുക. അക്ഷയമായ പ്രതിഫലം കൊണ്ടുള്ള വിവക്ഷ ഒരിക്കലും കുറവ് സംഭവിക്കുകയോ നിലയ്ക്കുകയോ ചെയ്യാത്ത പ്രതി ഫലമാകാം. അല്ലെങ്കിൽ പ്രശസ്തിക്കോ പ്രത്യുപകാരത്തിനു വേണ്ടിയോ നല്കുന്ന ദാനം പോലുള്ളതോ ആയിരിക്കുകയില്ല. ഏകദൈവത്തിൽ വിശ്വാസമർപ്പിക്കുകയും അവനിൽ നിന്നും ആഗതരായ പ്രവാചകരെ, വിശിഷ്യാ അവസാന ദൂതൻ മുഹമ്മദ് നബിയിൽ വിശ്വാ സമർപ്പിക്കുകയും അദ്ദേഹം അഭ്യസിപ്പിച്ചതിനെ പിൻപറ്റി സ്വജീവിതത്തെ സംസ്കരിക്കുകയും ചെയ്യുന്ന സജ്ജനങ്ങളെ ഒരുതരത്തിലുമുള്ള അധഃപതനവും കെടുതിയും ബാധിക്കുകയില്ല. ഇത്തരം സജ്ജനങ്ങൾക്ക് പരലോകത്ത് ലഭിക്കാനിരിക്കുന്ന വൻവിജയമാണ് മുകളിൽ സൂചിപ്പിച്ചത്. അതിനുള്ള ഉപാധിയാകുന്നു, ഏകദൈവത്തിലുള്ള വിശ്വാസം, ദൈവദൂത നിലുള്ള വിശ്വാസം, പരലോകത്തിലുള്ള വിശ്വാസം, അവയ്ക്ക് വിധേയമായുള്ള ഉത്തമ ജീ വിതം നയിക്കൽ എന്നിവ. ഇവയാണ് വിശ്വാസം, സദ്കർമം എന്നിവ കൊണ്ട് ഉദ്ദേശിക്കു ന്നത്.

---

فَمَا يُكَذِّبُكَ بَعْدُ بِالدِّينِ(٧)

ഫമാ യുകദ്ദിബുക ബഅ്ദു ബിദ്ദീൻ
അതിനാൽ (പ്രവാചകരേ) ഇതിനു ശേഷം പ്രതിഫലദിനത്തിൻെറ കാര്യത്തിൽ നിന്നെ കള വാക്കാൻ ആർക്ക് കഴിയും?

---

മുകളിൽ സൂചിപ്പിച്ചതുപോലെ ആളുകൾ സ്വബുദ്ധി ഉപയോഗിച്ച് സത്യത്തെ കണ്ടെത്തു കയും തങ്ങളുടെ പാരത്രികവിജയത്തിനായി സ്വയം സംസ്കൃതരായി അതേ മാർഗത്തിൽ ഭൗതികപ്രയാസങ്ങൾ അനുഭവിച്ചു ജീവിച്ചുമരിക്കുകയും ചെയ്യുന്നു. അവരാകട്ടെ, ദൈവ ത്തിൻെറ കാരുണ്യത്തിന് വിധേയരായതായി ഭൗതികസാഹചര്യങ്ങൾ വെച്ചുതന്നെ ബുദ്ധി യുള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കും. ചിലരാകട്ടെ, ദൈവിക മാർഗത്തിൽനിന്ന് വ്യതിച ലിക്കുകയും തന്നിഷ്ടം തിരഞ്ഞെടുത്ത ഭൗതികമാർഗത്തിൽ ജീവിച്ചു മരിക്കുകയും ചെയ്യുന്നു. അത്തരക്കാരാകട്ടെ, ദൈവത്തിന് തീർത്തും അരോചകമായ ജീവിതമാണ് നയിച്ചതെന്നും അതിനാൽ തന്നെ അവർ അവൻെറ കോപത്തിന് വിധേയരായിരുന്നുവെന്നും നമുക്ക് മനസ്സിലാക്കാം. ഈ രണ്ട് വിഭാഗത്തിൻെറയും പര്യവസാനങ്ങൾ ഒരുപോലെയായിരിക്കുക യില്ലെന്ന് കാര്യകാരണസഹിതം പ്രവാചകൻ അവരെ ഉദ്ബോധിപ്പിച്ചിട്ടുമുണ്ട്. എന്നിട്ടും തികച്ചും യുക്തിപൂർണവും ബുദ്ധിപൂർവകവുമായ ആ ഉദ്ബോധനങ്ങളെ തള്ളിക്കളയാൻ ആർക്കാണ് കഴിയുക?

---

أَلَيْسَ اللهُ بِأَحْكَمِ الحَاكِمِينَ(٨)

അലയ്സല്ലാഹു ബിഅഹ്കമിൽ ഹാകിമീൻ
വിധികർത്താക്കളിൽ ഏറ്റവും ഉന്നതനായ വിധികർത്താവ് അല്ലാഹുവല്ലയോ?

---

ഭൗതികകോടതികളിലെ വിധികർത്താക്കളിൽനിന്ന് തികച്ചും നീതിപൂർവകമായ സമീപനം കൊതിക്കുന്നവരാണ് നാം. എന്നാൽ പലപ്പോഴും അത് സാധിക്കാത്ത അവസ്ഥ ഇവിടത്തെ ഭൗതികസാഹചര്യത്തിൽ നിലനില്ക്കുകയും ചെയ്യുന്നു. അതാ യത്, തീർത്തും നീതിയുക്തമായ വിധിപ്രസ്താവങ്ങൾ നടത്താൻ ഭൗതികകോ ടതികൾക്ക് പ്രയാസങ്ങൾ ഏറെയുണ്ട്. പലപ്പോഴും കുറ്റവാളി രക്ഷപ്പെടും വിധമുള്ള പശ്ചാത്തലങ്ങളാൽ കോടതി സ്വാധീനിക്കപ്പെട്ടേക്കാം. പ്രത്യക്ഷ തെളിവുകൾ കുറ്റ

വാളിക്ക് അനുകൂലമായേക്കാം. അതിൻെറ കെട്ടഴിക്കുവാൻ ഭൗതികസംവിധാനങ്ങൾക്ക് സാധിച്ചില്ലെന്നും വരാം.

എന്നാൽ പരലോകത്തെ വിധിപ്രസ്താവമാകട്ടെ തീർത്തും നീതിയുക്തമായ വിചാരണക്ക് ശേഷമായിരിക്കും നടക്കുക. അല്പം പോലും പിശകോ അബദ്ധമോ അവൻെറ വിചാരണയെ ബാധിക്കുകയില്ല. ആർക്കും ഒരു തരത്തിലുമുള്ള സ്വാധീനവും ഉണ്ടാവുകയില്ല. ഒുര ശിപാർശയും ഫലവത്താകുകയില്ല. ഇത്തരം നീതിയുക്തമായ വിചാരണയുടെ അടിസ്ഥാനത്തിലാണ് ഒരാളുടെ പുരുഷായുസ്സ് നീണ്ടു നിന്ന പ്രവർത്തനത്തെ വിലയിരുത്തുകയും അയാളുടെ വിഹിതമായ രക്ഷാ-ശിക്ഷകൾ നല്കുകയും ചെയ്യുന്നത്. തീർത്തും നീതിമാനായ അല്ലാഹുവിൻെറ മാത്രം കഴിവാണിത്. അതിനാലാണ് വിധികർത്താക്കളിൽ ഏറ്റം നീതിമാനായ വിധികർത്താവ് അല്ലാഹുവല്ലയോ എന്നു അല്ലാഹു തന്നെ ചോദിക്കാൻ കാരണം.

ഇതിന് നിഷേധത്തിൻെറയും സമർഥനത്തിൻെറയും ഭാഷ്യമുണ്ട്. യഥാർഥത്തിൽ തികഞ്ഞ നീതിമാനായ വിധികർത്താവ് അല്ലാഹു മാത്രമേയുള്ളൂ എന്നാണ് സമർഥനം. അവനല്ലാത്ത ഒരു നീതിമാനായ വിധികർത്താവും വേറെയില്ല എന്നതാണ് നിഷേധം. അതിനാലാണ് ഈ വചനം പാരായണം ചെയ്തുകേട്ടാൽ അതെ, ഞാൻ അതിന് സാക്ഷിയാകുന്നു എന്നു പ്രത്യുത്തരമേകാൻ പ്രവാചകൻ പഠിപ്പിച്ചത്.